LIBRARY ARCHIVES Kerala Legislative Assembly

റേഷൻ കാർഡുകൾ

77 [2827] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുള്ള റേഷൻ കാർഡുകളുടെ ബി. പി. എൽ., എ. പി. എൽ. തരംതിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

2005 മേയ് മാസത്തെ കണക്കുപ്രകാരം 2,042,927 (ഇരുപത് ലക്ഷത്തി നാൽപത്തി രണ്ടായിരത്തി തൊള്ളായിരത്തി ഇരുപത്തിയേഴ്) ബി. പി. എൽ. കാർഡുകളും 45,96,070 (നാല്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എഴുപത്) എ.പി.എൽ. കാർഡുകളും വിതരണം ചെയ്തിട്ടുണ്ട്.

ഗാർഹികാവശ്യത്തിന് നൽകുന്ന മണ്ണെണ്ണ

78 [2828] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര റേഷൻ കാർഡുടമകൾക്കാണ് ഗാർഹികാവശ്യത്തിന് മണ്ണെണ്ണ നൽകിവരുന്നത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

സംസ്ഥാനത്ത് 66,38,997 കാർഡുടമകൾക്കാണ് ഗാർഹികാവശ്യത്തിന് മണ്ണെണ്ണ നൽകിവരുന്നത്. ഇതിൽ വൈദ്യുതീകരിച്ച വീടുള്ള 4,782,263 റേഷൻ കാർഡുടമകൾക്ക് 2 ലിറ്ററും, വൈദ്യുതീകരിക്കാത്ത വീടുള്ള 1,856,734 റേഷൻ കാർഡുടമകൾക്ക് 5 ലിറ്ററും പ്രതിമാസം വിളക്കുകത്തിക്കുന്ന ആവശ്യത്തിനായി വിതരണം ചെയ്തുവരുന്നു. ഇതു കൂടാതെ റേഷൻ കാർഡുടമകൾക്ക് പാചക ആവശ്യത്തിന് നൽകിയിരിക്കുന്ന 9,56,339 പെർമിറ്റുകൾ പ്രകാരം പ്രതിമാസം 3 ലിറ്ററും വിതരണം ചെയ്യുന്നുണ്ട്.